LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചും ചൂണ്ടിക്കാണിച്ചു. ശിക്ഷയുടെ കാര്യത്തിൽ പ്രീസിഡന്റ് അത്ര വലിയ കാര്യമല്ല. ശിക്ഷ ഏതാണ് കൂടുതൽ ഫലപ്രദം എന്നത് ഓരോരുത്തരുടെ വ്യൂ അനുസരിച്ചാണ്. എന്റെ അഭിപ്രായത്തിൽ സ്വയം മനസ്സിലാക്കാൻ മാധ്യമങ്ങളും മറ്റു സംവിധാനങ്ങളുമൊക്കെയുള്ള ഇക്കാലത്ത് ഒരു പ്രത്യേക മെമ്പർ ചെയ്ത കാര്യത്തെ ചെയറിൽനിന്ന് അപലപിച്ചാൽ അതാണ് ജനമദ്ധ്യത്തിൽ ഏറ്റവും ഇഫക്ടീവായിട്ടുള്ള ഒരു ശിക്ഷ എന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് ഞാൻ ഇതിനെ ലാഘവബുദ്ധിയോടുകൂടി കാണുന്നില്ല. തെറ്റായിട്ടുള്ള കാര്യമാണ്, അത് വന്ന സാഹചര്യവും പുറത്തുപോയതിനുശേഷം വീണ്ടും കൊണ്ടുവന്നതും ഒക്കെ വളരെ ശക്തമായി ഞാൻ നേരത്തെ അപലപിച്ചു. അത് ചെയ്ത ആളിനും മറ്റുള്ളവർക്കും വ്യക്തമായ ഒരു പുനർചിന്തനത്തിനുള്ള താക്കീതായിരിക്കട്ടെ ഇത് എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

[നോട്ടീസ് നൽകിയ അംഗങ്ങൾ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.]

III. സബ്മിഷൻ

(1) ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ കരിമ്പുകൃഷിതോട്ടങ്ങളിൽ കണ്ടുവരുന്ന അജ്ഞാതരോഗം

ശ്രീ. എ. കെ. മണി: സർ, ദേവികുളം റേഞ്ചിൽപ്പെട്ട മറയൂർ, കാന്തല്ലൂർ എന്നീ മേഖലകളിൽ കരിമ്പുകൃഷിക്ക് വളരെ മോശമായ കണ്ടുപിടിക്കാൻ പറ്റാത്ത രോഗം ബാധിച്ചതിനാൽ കൃഷിക്കാർ വളരെ ബുദ്ധിമുട്ടിലും ദുഃഖത്തിലുമാണ്. ശർക്കരയ്ക്ക് വില കിട്ടുന്നില്ല. കൃഷിക്കാർ വളരെ ദുരിതമനുഭവിക്കുകയാണ്. ഞാൻ ഇന്നലെ ഈ മേഖലയിലൊക്കെ പോയി നോക്കിയപ്പോൾ കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടിലാണ്, എന്തു ചെയ്യുമെന്നറിയാത്ത സാഹചര്യത്തിലാണ് ആ മേഖലയിലുള്ളവർ എന്നു മനസ്സിലാക്കാൻ കഴിഞ്ഞു. കോയമ്പത്തൂരിൽനിന്നും അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽനിന്നും ചില ഉദ്യോഗസ്ഥർ വന്ന് പരിശോധിച്ചുവെങ്കിലും അവർക്ക് രോഗത്തെപ്പറ്റി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ചില കീടനാശിനികൾ ഉപയോഗിച്ചിട്ടും ഈ രോഗത്തിൽനിന്നും ഈ കൃഷിയെ രക്ഷപ്പെടുത്താൻ യാതൊരു സാദ്ധ്യതയും കാണുന്നില്ല. ഈ മേഖലയിൽ മൂവായിരം ഏക്കറോളം വരുന്ന കൃഷി നശിക്കുന്ന സാഹചര്യമാണുള്ളത്. ഈ രോഗം പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള മറ്റ് കൃഷിമേഖലകളിലേക്ക് ബാധിക്കാനിടയുണ്ട്. എത്രയും വേഗം ബഹുമാനപ്പെട്ട ഗവൺമെന്റ് ഇതിനെപ്പറ്റി ആരായുകയും ഈ രോഗത്തിൽനിന്നും കരിമ്പുകൃഷിയെ രക്ഷപ്പെടുത്തുവാനും, കരിമ്പുകൃഷിക്കാരെ രക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):* സർ, ഇടുക്കിയിലെ മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്തു പ്രദേശങ്ങളിലെ കരിമ്പ് കൃഷിതോട്ടങ്ങളിൽ അജ്ഞാതരോഗം ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 29-5-2005-ൽ തമിഴ്നാട് സർവ്വകലാശാലയിലെ ശാസ്ത്രജ്ഞനായ ഡോ. എം. മുകുന്ദൻ കൃഷിവകുപ്പുദ്യോഗസ്ഥൻമാരുമായി സ്ഥലം സന്ദർശിക്കുകയും പരിശോധിക്കുകയും ചെയ്തു. ഇത് ഒരു രോഗമല്ലെന്നും മീലിമൂട്ട, പുള്ളി എന്നീ കീടങ്ങളുടെ ആക്രമണമാണെന്നും കണ്ടെത്തി. തുടർന്ന് ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശപ്രകാരം കീടനാശിനികൾ കർഷകർ തളിച്ചെങ്കിലും കീടാക്രമണം പൂർണ്ണമായി നിയന്ത്രണവിധേയമായിട്ടില്ല. ആയതിനാൽ ഇന്ന് കർഷകർ കേരള കാർഷിക സർവ്വകലാശാലയുടെ പാമ്പാടുംപാറ ഏലഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞനായ ഡോ. എം. ജോസഫ് രാജിന്റെ നേതൃത്വത്തിൽ ഒരുസംഘം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുന്നുണ്ട്. അവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതും കർഷകർക്ക് വേണ്ടുന്ന സഹായം നൽകുന്നതുമാണ്.

(2) ശ്രീനാരായണഗുരുജയന്തി ദിവസത്തെ സർക്കാർ അവധി സഹകരണ സംഘങ്ങൾക്കും ബാധകമാക്കണമെന്ന ആവശ്യം

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, കേരളത്തിലെ സഹകരണമേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ ഇപ്പോഴും പലവിധത്തിലുള്ള വിവേചനം നിലനിൽക്കുകയാണ്. രണ്ടുതരത്തിലുള്ള ജീവനക്കാരാണ് സഹകരണ മേഖലയിലുള്ളത്. നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്നവരും അല്ലാത്തവരും. അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്നവയാണ്. ഇവർക്ക് ബാങ്ക് അവധിദിനങ്ങളാണ് ബാധകം. എന്നാൽ എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവ ആക്ടിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങളാണ്. ഇവയുടെ സേവന-വേതന വ്യവസ്ഥകൾ സംസ്ഥാന സർക്കാർ ജീവനക്കാരുടേതിന് തുല്യമാണ്. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന ജീവനക്കാർക്ക് അർഹതപ്പെട്ട ഗവൺമെന്റ് അവധി ദിനങ്ങൾ ലഭിക്കുന്നില്ല എന്നുള്ള കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശ്രീനാരായണഗുരുജയന്തിക്കുപോലും ഈ ജീവനക്കാർക്ക് അവധിയില്ല. സർ, നബിദിനം, അംബേദ്കർ ജയന്തി, ഗാന്ധിജയന്തി എന്നീ ദിനങ്ങളിൽ അവധി ലഭിക്കുന്ന സഹകരണ ജീവനക്കാർക്ക് ശ്രീനാരായണഗുരുദേവ ജയന്തിക്കും അവധി ലഭിക്കാൻ അർഹതയുണ്ട്. സഹകരണ മേഖലയിൽ രജിസ്ട്രാർ മുതൽ പ്യൂൺ വരെയുള്ളവർക്ക് ശ്രീനാരായണഗുരുദേവജയന്തിക്ക് അവധി ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സഹകരണ മേഖലയിലെ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽ വരാത്ത മുഴുവൻ ജീവനക്കാർക്കും ശ്രീനാരായണഗുരുദേവജയന്തി ഉൾപ്പെടെയുള്ള അവധി ലഭിക്കുന്നതിന് നടപടിയുണ്ടാകണം. സർ, നാരായണഗുരുജയന്തി

LIBRARY ARCHIVES Kerala Legislative Assembly